# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *67 | 13/06/2012 ൽ മറുപടിയ്ക്ക്

## പട്ടിക ജാതി കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി. ജോർജ് | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) പ്ലസ് ടു പഠനത്തിനുശേഷം ഉപരി പഠനത്തിനായി സർക്കാർ അംഗീകൃത സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന എസ്.സി. കുട്ടികൾക്ക് സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ് എന്നിവ നൽകുന്നതിന് നിലവിൽ തടസ്സമുണ്ടോ; വിശദാംശങ്ങൾ നൽകുമോ ; | (എ) അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക്, വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിന് നിലവിൽ സർക്കാർ ഉത്തരവില്ലാത്തതിനാൽ ആനുകൂല്യങ്ങൾ അനുവദിച്ച് വരുന്നില്ല. എന്നാൽ സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്യുന്ന പ്രകാരം മെരിറ്റ്/റിസർവ്വേഷൻ സീറ്റുകളിൽ പ്രവേശനം നേടുന്നവർക്കും, ഡി.എം.ഇ, ഡി.എച്ച്.എസ്, നേഴ്സിംഗ് കൗൺസിൽ തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്ന എസ്.സി വിദ്യാർത്ഥികൾക്കും സർക്കാർ/സർക്കാർ ഏജൻസി/യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യഭ്യാസാനുകൂല്യങ്ങൾ അനുവദിച്ച് വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | മുൻപ് ഇപ്രകാരം തുക അനുവദിച്ചിരുന്നുവോ ; | (ബി) | അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് ചില ജില്ലകളിൽ ആനുകൂല്യം അനുവദിച്ചു വന്നിരുന്നു. |
| (സി) | സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന അർഹരായ എസ്.സി. കുട്ടികൾക്ക് സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ് എന്നിവ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

# വിശദീകരണകുറിപ്പ്

02/07/2009 ലെ സർക്കാർ ഉത്തരവ് (പി)നം.50/09/പജപവവിവ. യിലെ പേജ് 5 ലെ ഖണ്ഡിക C (iii) പ്രകാരം സ്വകാര്യ അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠിക്കുന്നവർക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതല്ല. എന്നാൽ ചില ജില്ലകളിൽ ആനുകൂല്യങ്ങൾ തെറ്റായ രീതിയിൽ അനുവദിച്ചു വന്നിരുന്നു. ആയത് 10/11/2010 ലെ സർക്കാർ കത്ത് നം.7935/എ 2/10/പജപവവിവ. പ്രകാരം തെറ്റായ രീതിയിൽ അനുവദിച്ചു വന്നിരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ നിർത്തലാക്കിയിരുന്നു. എന്നാൽ സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ റാങ്ക് ലിസ്റ്റിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്യുന്ന പ്രകാരം മെറിറ്റ്/റിസർവ്വേഷൻ സീറ്റുകളിൽ പ്രവേശനം നേടുന്നവർക്കും, സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും പ്രൊഫഷണൽ കോഴ്സുകൾക്ക് അലോട്ട്മെന്റ് വഴി മെറിറ്റ്/റിസർവ്വേഷൻ സീറ്റുകളിൽ പ്രവേശനം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കും സർക്കാർ/സർക്കാർ ഏജൻസി/യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നുണ്ട്. എന്നാൽ മാനേജ്മെന്റ്, പ്രിവിലേജ്/എൻ.ആർ.ഐ. ക്വാട്ടയിൽ പ്രവേശനം നേടിയവർക്ക് ആനുകൂല്യങ്ങൾക്ക് അർഹതയില്ല.

സ്വാശ്രയ കോളേജുകളിൽ അംഗീകൃത യൂണിവേഴ്സിറ്റികളുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതും, സാമുദായിക സംവരണം ഉൾപ്പെടെയുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ച് ചട്ടപ്രകാരം പ്രവേശനം നേടി തൊഴിലധിഷ്ഠിതമായ ഡിഗ്രി/പി.ജി. കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കും, സ്വാശ്രയ കോളേജുകളിലെ തൊഴിലധിഷ്ഠിതമല്ലാത്ത ഡിഗ്രി/പി.ജി. കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്ന കാര്യം സർക്കാർ തലത്തിൽ പരിശോധിച്ച് വരികയാണ്.

സെക്ഷൻ ഓഫീസർ